# ശാസ്ത്രജ്ഞന്മാരുടെ ഇരട്ടത്താപ്പ്

ജൈവകൃഷിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരും ഉന്നയിക്കുന്ന പരസ്പര ആരോപണങ്ങൾക്കിടയിൽനിന്ന് ശാസ്ത്രജ്ഞൻമാരുടെ വായനയുടെ മുഖം തെളിയുന്നു.

ശാസ്ത്രജ്ഞൻമാർ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന തെരഞ്ഞെടുത്ത ചില വിളകളിൽ മാത്രമാണ്. ഉദാ: പച്ചക്കറി അതേസമയം, നെല്ല്, ഗോതമ്പ്, മരച്ചീനി മുതലായ വിളകളിൽ രാസിക കൃഷിയെ ശക്തിയുക്തം പിൻതുണയ്ക്കുകയും ചെയ്യുന്നു.' ഇരട്ടത്താപ്പിനു പിന്നിലെ രഹസ്യമെന്ത്?

വിദേശ വിപണിയിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്ന കാർഷികോത്പന്നങ്ങളിലാണ് ശാസ്ത്രജ്ഞർ ജൈവകൃഷി നിർദേശിക്കുന്നത്. പച്ചക്കറിയുടെ ഉത്പാദനത്തിൽ കമ്മി സംസ്ഥാനമായ കേരളത്തിൽനിന്ന് പച്ചക്കറി കയറ്റുമതി (തിരുവനന്തപുരം, നെടുമ്പാശേരി) ചെയ്യപ്പെടുന്നുണ്ടെന്ന് പറഞ്ഞാൽ വിശ്വസിക്കുമോ ? അതാണ് വാസ്തവം. കേരളത്തിന്റെ നാടൻ കമ്പോളത്തിൽ വാങ്ങാൻ കിട്ടുന്നത് രാസിക കൃഷിയിലൂടെ തമിഴ്നാട്ടിൽ ഉത്പാദിപ്പിച്ച്, സർക്കാർ സ്ഥാപനമായ 'ഹോർട്ടി കോർപ്പ്' വാങ്ങിക്കൊണ്ടുവരുന്ന വിഷം തളിച്ച പച്ചക്കറികളാണ്. അതേസമയം, കേരളത്തിൽ ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കമ്പോളവിലയേക്കാൾ 1 രൂപ കൂറച്ച് വാങ്ങി കയറ്റുമതിക്കാർ വിമാനം വഴി കയറ്റുമതി ചെയ്യുന്നു.

മണ്ഡരി കീടബാധയോടനുബന്ധിച്ച് പത്രങ്ങളിൽവന്ന റിപ്പോർട്ടുകളിൽ ജൈവകീടനാശിനിയായ വേപ്പെണ്ണ തളിക്കാത്തതിനു കാരണമായി പറയുന്നത് ആവശ്യമായത്ര അളവിൽ വേപ്പെണ്ണ കിട്ടാനില്ലാത്തതത്രേ. അതിനു കാരണം നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്ന വേപ്പെണ്ണ ഭൂരിഭാഗവും വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയാണത്രേ. പകരം നാം ബഹുരാഷ്ട്ര കുത്തകകൾ ഉത്പാദിപ്പിക്കുന്ന മാരകവിഷങ്ങൾ (പലതും വിദേശത്ത് നിരോധിച്ചവ) ഉപയോഗിക്കുന്നു.

തേയില കർഷകരുടെ അടുത്തിടെ കൊച്ചിയിൽ നടന്ന സമ്മേളനത്തിൽ ജൈവകൃഷിയിലേക്ക് മാറേണ്ടതിന്റെ ആവശ്യകത ഊന്നിപറഞ്ഞതിന്റെ കാരണമെന്ത്? കയറ്റുമതി ചെയ്യപ്പെടുന്ന വിദേശ വിപണികളിലെ ജാഗരൂകരായ ഉപഭോക്താക്കളുടെ സമ്മർദം തന്നെ.

**സംവേദി – തൃശൂർ.**